ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പൂർണ്ണമായും തദ്ദേശീയമായ 4G സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ബിഎസ്എൻഎല്ലിന് കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; ഒഡിഷയിൽ അറുപതിനായിരം കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കംകുറിച്ചു.

   **Prime Minister Narendra Modi hailed BSNL's success in developing fully indigenous 4G technology, calling it a moment of pride. The PM also launched various projects worth ₹60,000 crore in Odisha.**

2) കേരളത്തിന്റെ സമഗ്ര വികസനത്തിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ.

   **Union Health Minister J. P. Nadda says, the Central Government is taking all possible steps for the comprehensive development of Kerala**

3) രാജ്യത്തിന്റെ വിനോദസഞ്ചാര കാഴ്ചപ്പാടിന്റെ കാതലാണ് കണക്റ്റിവിറ്റിയെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

   **India has placed connectivity at the core of its tourism vision, says MoS Suresh Gopi**

4) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്തി'ന്റെ 126-ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്.

**PM Modi to Address Nation in 126th Episode of Mann Ki Baat on tomorrow**

5) കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അടുത്തമാസം 14 വരെ അവസരം

**Kerala extends deadline for registering names in voter lists for local body elections till 14th of next month**

6) ഏഷ്യാ കപ്പ് ടി - 20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും.

**India and Pakistan will face each other tomorrow in the Asia Cup T20 cricket final.**

*****************

## PM ODISHA VISIT ( INTRO)

2017-ൽ ചരക്ക് സേവന നികുതി അവതരിപ്പിച്ചതിലൂടെ നികുതിഭാരം ഗണ്യമായി കുറഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഒഡിഷയിലെ ഝാർസുഗുഡയിൽ അറുപതിനായിരം കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ബിഎസ്എൻഎല്ലിന്റെ 97,500-ലധികം പുതിയ 4G മൊബൈൽ ടവറുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഭാവിയിൽ ടെലികോം സാങ്കേതികവിദ്യയുടെ ആഗോള കേന്ദ്രമായി ഇന്ത്യ മാറുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പൂർണ്ണമായും തദ്ദേശീയമായ 4G സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ബിഎസ്എൻഎല്ലിന് കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം അറിയിച്ചു.
( വോയിസ്..... )

*****************

## PM-GST ARTICLE

ചരക്ക് സേവന നികുതി പരിഷ്ക്കാരത്തിന്റെ ആനുകൂല്യങ്ങൾ ഓരോ പൗരനും കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരം സംബന്ധിച്ച കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരിയുടെ ലേഖനം സമൂഹമാധ്യമത്തിൽ അദ്ദേഹം പങ്കുവച്ചു.

*******************

## RAJNATH - CONCLAVE

വിമുക്ത സൈനിക ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന ദേശീയ കോൺക്ലേവ് - 2025, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തിങ്കളാഴ്ച ഉദ്ഘാടനം ചെയ്യും. "വികസിത ഭാരതവും വിമുക്ത സൈനിക ക്ഷേമവും" എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ കോൺക്ലേവിൽ

രാജ്യത്തുടനീളമുള്ള, സംസ്ഥാന - ജില്ലാ സൈനിക ബോർഡുകളുടെ പ്രതിനിധികൾ പങ്കെടുക്കും.

*******************

## SITHARAMAN-KEC 2025

കൗടില്യ സാമ്പത്തിക സമ്മേളനം-2025 കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ അടുത്ത മാസം 3-ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ ആഭ്യന്തര മുൻഗണനകളെ ആഗോള കാഴ്ചപ്പാടുകളുമായി സംയോജിപ്പിച്ച്, പ്രക്ഷുബ്ധമായ സമയത്ത് അഭിവൃദ്ധിയിലേക്കുള്ള വഴികൾ രൂപപ്പെടുത്തുന്ന ചലനാത്മക ചർച്ചാവേദിയായാണ് സമ്മേളനത്തെ വിഭാവനം ചെയ്തിരിക്കുന്നത്.

*******************

## J.P. Nadda @ Amritapuri (INTRO)

സമൂഹത്തിന്റെ ശാക്തീകരണത്തിനായി സമർപ്പിക്കപ്പെട്ടതാണ് മാതാ അമൃതാനന്ദമയിയുടെ ജീവിതമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ. കൊല്ലത്ത് അമൃതപുരിയിൽ മാതാ

അമൃതാനന്ദമയിയുടെ 72-ാം ജന്മദിനാഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(HOLD VOICE)

കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ, ശശി തരൂർ എംപി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

******************

## REV TOURISM – MoS SURESH

വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച ഇന്ത്യയുടെ കാഴ്ചപ്പാടുകളിൽ കണക്ടിവിറ്റിക്ക് സുപ്രധാന സ്ഥാനമാണുള്ളതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. ന്യൂഡൽഹിയിൽ ലോക വിനോദസഞ്ചാര ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉഡാൻ, പ്രസാദ് പദ്ധതി, സ്വദേശ് ദർശൻ തുടങ്ങിയ സംരംഭങ്ങളിലൂടെ രാജ്യത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം, കണക്ടിവിറ്റി എന്നിവ ഉറപ്പാക്കാനായതായി കേന്ദ്രസഹമന്ത്രി പറഞ്ഞു. സാമ്പത്തിക പരിവർത്തനം, പരിസ്ഥിതിസംരക്ഷണം, സാമൂഹിക ഉൾച്ചേർക്കൽ എന്നിവയ്ക്കുള്ള ശക്തമായ ഉപാധിയാണ് വിനോദസഞ്ചാരമെന്ന് നിതി ആയോഗ് ഉപാധ്യക്ഷൻ സുമൻ ബെറി പറഞ്ഞു.

******************

## BRICS FM MEETING

അതിർത്തികടന്നുള്ള ഭീകരത, തീവ്രവാദപ്രവർത്തനങ്ങൾക്ക് ധനസഹായവും അഭയവും നൽകൽ എന്നിവയുൾപ്പെടെ എല്ലാത്തരം ഭീകരതയെയും ചെറുക്കണമെന്ന് ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗം. ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ 80-ാമത് പൊതുസഭയുടെ സമ്മേളനത്തോടനുബന്ധിച്ചാണ് യോഗം ചേർന്നത്. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ യോഗം ശക്തമായി അപലപിച്ചു.

******************

## GST – HEALTHCARE

ഇന്ത്യയുടെ പരോക്ഷ നികുതിസമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പുത്തൻ തലമുറ ജിഎസ് ടി പരിഷ്കാരങ്ങളെന്ന് കേന്ദ്ര സർക്കാർ. ആരോഗ്യസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട്, ജിമ്മുകളുടെയും ഫിറ്റ്നസ്

കേന്ദ്രങ്ങളുടെയും ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്. പാൽ പ്രധാന ചേരുവയാകുന്ന പാനീയങ്ങൾ, ഡ്രൈ ഫ്രൂട്ട്സ് തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ 5 ശതമാനം ജിഎസ്ടി, മധ്യവർഗ കുടുംബങ്ങൾക്ക് ഏറെ ഗുണകരമാകുമെന്നാണ് വിലയിരുത്തൽ.

******************

## Mann Ki Baat

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് നാളെ രാവിലെ 11 ന്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

******************

## SEVA PARV - EK BHARAT SHRESHTHA BHARAT ( INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, 'ഏകഭാരതം ശ്രേഷ്ഠഭാരതം' ഉദ്യമത്തിലൂടെ രാജ്യത്തിന്റെ വൈവിധ്യമാർന്ന സംസ്കാരങ്ങളെയും പൈതൃകങ്ങളെയും ജനങ്ങൾ തമ്മിലുള്ള ബന്ധത്തെയും ശക്തിപ്പെടുത്തിയത് സംബന്ധിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവ്വിൽ ഇന്ന്.

(വോയ്സ്)

(മ്യൂസിക് )

നൂറുകണക്കിന് ഭാഷകളുടെയും സംസ്കാരങ്ങളുടെയും നാടാണ് നമ്മുടെ രാജ്യം. ഓരോ പ്രദേശവും തനതായ വസ്ത്രധാരണ - പാചക രീതികൾ ഉൾപ്പടെ പിന്തുടർന്ന് പോരുന്നു. എന്നാൽ ജനങ്ങളെയാകെ ഒന്നിച്ചു ചേർക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി "ഏകഭാരതം, ശ്രേഷ്ഠഭാരതം" സംരംഭത്തിന് തുടക്കം കുറിച്ചു.

(പിഎം വോയിസ്...)

സംസ്കാരവും പാരമ്പര്യവും പരസ്പരം പങ്കുവയ്ക്കാൻ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് "ഏകഭാരതം, ശ്രേഷ്ഠഭാരതം" സംരംഭം. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ രാജ്യത്തിൻറെയാകെ വികസനം ഉറപ്പാക്കണം

എന്നതിനാണ് പ്രധാനമന്ത്രി പതിവായി ആഹ്വാനം ചെയ്യുന്നത്.
( മ്യൂസിക് )

******************

## CM-NORKA

വൈജ്ഞാനിക സമൂഹമായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ആഗോള പിന്തുണ ഉറപ്പാക്കാൻ പ്രവാസികളുടെ സഹകരണം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

******************

## Voters List

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരുചേർക്കാൻ വീണ്ടും അവസരം. കരട് വോട്ടർപട്ടിക തിങ്കളാഴ്ച പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. ഒക്ടോബർ 14 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കും.

******************

## RAIN-KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം മുതൽ മലപ്പുറം വരെയുള്ള അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************

## ASIA CUP

ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. നാളെ രാത്രി എട്ടിന് ദുബായിലാണ് മത്സരം.

******************

## ARCHERY- WORLD PARA

ദക്ഷിണ കൊറിയയിലെ ഗ്വാങ്ജുവിൽ നടന്ന പാരാ ലോക അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ രണ്ട് വ്യക്തിഗത കോമ്പൗണ്ട് സ്വർണ്ണ മെഡൽ നേടി ഇന്ത്യ ചരിത്രം കുറിച്ചു. 18 കാരിയായ ശീതൾ ദേവിയാണ് കോമ്പൗണ്ട് വ്യക്തിഗത വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പ് സ്വർണം നേടുന്ന ആദ്യ വനിതാ അമ്പെയ്ത്ത് താരമായത്. ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണം, ഒരു വെള്ളി, മൂന്ന് വെങ്കലം എന്നിവയുൾപ്പെടെ ഇന്ത്യ ഏഴ് മെഡലുകൾ നേടി.

******************

## UNGA-G4 MINSTERS MEET

യുഎൻ സുരക്ഷാ സമിതിയിൽ വികസ്വര രാജ്യങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടത് അനിവാര്യമെന്ന് ജി-4 രാജ്യങ്ങൾ. ന്യൂയോർക്കിൽ യുഎൻ പൊതുസഭയുടെ 80-ാമത് സമ്മേളനത്തിനിടെ ജി-4 രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാർ യുഎൻ സുരക്ഷാസമിതിയുടെ പരിഷ്കരണം സംബന്ധിച്ച് ചർച്ച നടത്തി. അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും ഗണ്യമായ സംഭാവനകൾ നൽകുന്ന രാജ്യങ്ങളെ സ്ഥിരാംഗത്വത്തിനു പരിഗണിക്കണമെന്ന് ഇന്ത്യ, ബ്രസീൽ, ജർമനി, ജപ്പാൻ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ പറഞ്ഞു.

******************

## BHUTAN-UNSC

ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ സമഗ്ര പരിഷ്കരണത്തിനുള്ള ശക്തമായ പിന്തുണ ആവർത്തിച്ച് ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗെ. ഇന്ത്യയെയും ജപ്പാനെയും യു.എൻ സുരക്ഷാ സമിതിയിൽ സ്ഥിരാംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് ഭൂട്ടാൻ പ്രധാനമന്ത്രി പറഞ്ഞു. ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ 80-ാമത് പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

******************

**********

*******